**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4057** **27-10-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിലെ ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്തുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ പ്രോസസ്സിംഗിന് സ്വന്തമായി ഡാറ്റാ സെർവർ ഉണ്ടോ; ഇല്ലെങ്കിൽ ആയത് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഈ ഡാറ്റാ സർവർ സ്ഥാപിച്ചിരിക്കുന്നത് സംസ്ഥാന ഇ-ഗവേണൻസ് ഡാറ്റ സെന്ററിലാണ്.ആയതിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപോസൽ സംസ്ഥാന ഐ.ടി. മിഷന് കൈമാറിയിട്ടുണ്ട്. |
| (ബി) | പഞ്ചായത്ത് വകുപ്പിന് സ്വന്തമായി ഡാറ്റാ സെർവർ ഇല്ലാത്തതിനാൽ ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കിയ പഞ്ചായത്തുകളിൽ ഫയൽ പ്രോസസ്സിംഗ് സാവധാനത്തിലായതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) | ഡാറ്റാ സർവറിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപോസൽ സംസ്ഥാന ഐ.ടി .മിഷന് കൈമാറിയിട്ടുണ്ട്. |
| (സി) | കേന്ദ്രസർക്കാർ ധനകാര്യ കമ്മീഷൻ ഫണ്ട് വിതരണത്തിന് ഇ-ഗ്രാമ സ്വരാജ് എന്ന വെബ് പോർട്ടൽ നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടായ ജോലിഭാരം കുറയ്ക്കാൻ പഞ്ചായത്തുകളിൽ പുതിയ നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിനായി നിർമ്മാണ പ്രവൃത്തികളുടെ ജിയോ ടാഗിംഗ് നടത്തുന്നതിനും ഇ-ഗ്രാമ സ്വരാജ് വെബ് പോർട്ടലിൽ ബില്ലുകൾ തയ്യാറാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരെ സഹായിക്കുന്നതിനുമായി ഓരോ ഗ്രാമ പഞ്ചായത്തിലും ദിവസ വേതനാടിസ്ഥാനത്തിൽ ഒരു പ്രോജക്ട് അസിസ്റ്റന്റിനെ നിയമിക്കുന്നതിനു 24/09/2021 ലെ സ.ഉ.(സാധ) നം.1846/2021 / തസ്വഭവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രോജക്ട് അസിസ്റ്റന്റ് എന്നത് ഒരു സ്ഥിരം തസ്തിക അല്ല. 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്ട്, 1959- ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്ആക്ട് പ്രകാരം സ്ഥിരം തസ്തികയിലേക്ക് ആണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവ മുഖേന നിയമനം നടത്തുക |
| (ഡി) | പ്രസ്തുത നിയമനം പി.എസ്.സി. മുഖേനയാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; | (ഡി) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിനായി നിർമ്മാണ പ്രവൃത്തികളുടെ |

| | | | |
|---|---|---|---|
| | പി.എസ്.സി. മുഖേന അല്ലെങ്കിൽ കമ്പൽസറി വേക്കൻസീസ് ഓഫ് നോട്ടിഫിക്കേഷൻ ആക്ടിലെ നിർദേശങ്ങൾ ഈ നിയമനത്തിന് ബാധകമായിരിക്കുമോ? | | ജിയോ ടാഗിംഗ് നടത്തുന്നതിനും ഇ-ഗ്രാമ സ്വരാജ് വെബ് പോർട്ടലിൽ ബില്ലുകൾ തയ്യാറാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരെ സഹായിക്കുന്നതിനുമായി ഓരോ ഗ്രാമ പഞ്ചായത്തിലും ദിവസ വേതനാടിസ്ഥാനത്തിൽ ഒരു പ്രോജക്ട് അസിസ്റ്റന്റിനെ നിയമിക്കുന്നതിനു 24/09/2021 ലെ സ.ഉ.(സാധ) നം.1846/2021 / തസ്വഭവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രോജക്ട് അസിസ്റ്റന്റ് എന്നത് ഒരു സ്ഥിരം തസ്തിക അല്ല. 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്ട്, 1959- ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്ആക്ട് പ്രകാരം സ്ഥിരം തസ്തികയിലേക്ക് ആണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവ മുഖേന നിയമനം നടത്തുക |

സെക്ഷൻ ഓഫീസർ